## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2345 — 13.2.2013 ൽ മറുപടിയ്ക്ക്

### മോട്ടോർ വാഹനവകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കൽ

**ചോദ്യം**
ശ്രീ. സി. മമ്മൂട്ടി:

**ഉത്തരം**
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹനവകുപ്പ് റീസ്ട്രക്ചറിംഗ് നടത്തുന്നതിനായി മുൻ ട്രാൻസ്പോർട്ട് കമ്മീഷണർ കെ.എസ്. ബാലസുബ്രഹ്മണ്യം സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | മോട്ടോർ വാഹന വകുപ്പിൽ 529 തസ്തികകൾ കൂടി അനുവദിക്കുവാനുള്ള മുൻ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | റീസ്ട്രക്ചറിംഗിനായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്; അതനുസരിച്ച് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | റീ സ്ട്രക്ചറിംഗ് നടപടികൾ എത്ര നാളിനുള്ളിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; സമയബന്ധിതമായി പ്രസ്തുത നടപടി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | മോട്ടോർ വാഹനവകുപ്പിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ അപര്യാപ്തതമൂലം വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് | (ഡി) | ഉണ്ട് .<br>കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | | |
| (ഇ) | 1975-ൽ നിലവിൽവന്ന സ്റ്റാഫ് പാറ്റേൺ, ഇപ്പോഴുള്ള വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് പരിഷ്കരിക്കാൻ തയ്യാറാകുമോ? | (ഇ) | മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും എല്ലാ സർവ്വീസും എല്ലാ കൗണ്ടറുകളിലും ലഭ്യമാക്കൽ , വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ് പരിപാടി, ഓൺ ലൈൻ ആപ്ലിക്കേഷൻ ഫയലിംഗ്, ഇ-പേയ്മെന്റ് സംവിധാനം, റഡാർ സർവൈലൻസ് സംവിധാനം എന്നിവ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട് . ചില സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികളും എടുത്തുവരുന്നു. ഇ-പേയ്മെന്റ് സംവിധാനം വഴി ടാക്സ്, ഫീസ്, ഫൈൻ എന്നിവ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ പോകാതെ തന്നെ അടയ്ക്കുന്നതിനു സാധിക്കുന്നതാണ്. അപ്രകാരം മെച്ചപ്പെട്ട സേവനങ്ങൾ വകുപ്പിൽ ലഭ്യമാകുന്നതോടുകൂടി 1975-ൽ നിലവിൽവന്ന സ്റ്റാഫ് പാറ്റേൺ, ഇപ്പോഴുള്ള വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് അതേ അനുപാതത്തിൽ പരിഷ്കരിക്കേണ്ട ആവശ്യമുള്ളതായി കരുതുന്നില്ല. |

**സെക്ഷൻ ഓഫീസർ**